# കാതോലിക്കേറ്റ്
# ഹയർ സെക്കണ്ടറിസ്കൂൾ
# പത്തനംതിട്ട

# ദർപ്പണം





# ലിറ്റിൽ കൈറ്റ്സ് 2018

# കാതോലിക്കേറ്റ്
# ഹയർ സെക്കണ്ടറിസ്കൂൾ
# പത്തനംതിട്ട

# ദർപ്പണം

# ലിറ്റിൽ കൈറ്റ്സ് 2018

**ആമുഖം**

## ഉള്ളടക്കം

ആമുഖം......3
എഡിറ്റോറിയൽ ബോർഡ്......5
മുഖമൊഴി......8
സന്ദേശം......10
സമർപ്പണം......11
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ......12
സ്കൂൾ തല ക്യാമ്പ് ഉദ്ഘാടനം......13
പ്രകൃതി......14
വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ......17
മഴ......19
ജീവിതം......20
യാനെബി......22
മില്ലോ വയാഡക് ട്......24
മലയാളം......26
കാലം......28
ഗ്രന്ഥങ്ങൾ - ഉറ്റ സുഹൃത്തുക്കൾ......31
ഉണർവിൻെറ വഴികൾ......35
എൻെറ പ്രകൃതി......36
പരിസ്ഥിതി സംരക്ഷണം......38
എന്റെ ഗാനം......41
എന്റെ ധന്യത......41
മിഴികളോട്......43
വഴികാട്ടി......47
മാർഗ്ഗദീപം......48
എന്റെ ജീവിതം......51
മരം ചെടിയോടെ ചോദിച്ച ചോദ്യം......54
എൻ പ്രീയ കൂട്ടുകാരികൾ......58

# ആമുഖം

## ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഈ യുഗത്തിൽ

**പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ വിദ്യാഭ്യാസപ്രക്രിയയ്ക്ക് വലിയ പങ്ക് വഹിയ്ക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് "ലിറ്റിൽ കൈറ്റ്സ് "എന്ന ആശയം ഉരുത്തിരിഞ്ഞത്.**

**വിവര വിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങളും ഉപകരണങ്ങളും സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.കാതോലിക്കേറ്റ് ഹയർസെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് 'ദർപ്പണം' എന്ന മാഗസിൻ സമർപ്പിക്കുന്നു.**

**ആശംസകളോടെ........**

**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസസ്**

**അജി ജോർജ്**

**സൂസൻ എം അലക്സാണ്ടർ**



# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർസ് :അനീറ്റ ആൻ ബിജു , അലീന എൽസാ റെജി**

**കോ എഡിറ്റർസ് : നോയൽ സാബു**

**ജോൺ എം പ്രസാദ്**

**ജെയ്സൽ ജെ ജോസഫ്**

**വൈഷ്ണവി സി ആർ**

# സന്ദേശം



പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർഥിയുടെയും സജീവവും സമ്പൂർണ്ണമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രിതവുമായ വിദ്യാഭ്യാസപ്രക്രിയയിൽ വിവരവിനിമയ സാങ്കേതികവിദ്യയുടെ സാങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സാങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത്. നമ്മുടെ വിദ്യാലയത്തിലും

**സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ്'എന്ന കുട്ടികളുടെ ഐ .ടി കൂട്ടായ്മയിലൂടെ സാധ്യക്കട്ടെ എന്ന് ആശംസിക്കുന്നു.**

**പ്രിൻസിപ്പാൾ,**

**ജെസി തോമസ്.**

# മുഖമൊഴി

കാതോലിക്കേറ്റ് ഹയർസെക്കണ്ടറി സ്കൂൾ അതിന്റെ വിജയപടവുകൾ കയറി മുന്നേറുമ്പോൾ 'ലിറ്റിൽ കൈറ്റ്സ്' പദ്ധതിയിൽ അംഗമാവാനുള്ള അവസരവും ലഭിച്ചു. സ്കൂളിലെ നാപ്പത് കുട്ടികൾക്കാണ് ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നത്.സാങ്കേതിക



രംഗത്തെ വിവിധമേഖലകളിലുള്ള അടിസ്ഥാന നൈപുണ്യങ്ങൾ പരിചയപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ലഭിക്കുന്നു. സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുവാൻ ഈ പദ്ധതിയിലൂടെ സാധ്യമാകട്ടെ......

ഹെഡ്മാസ്റ്റർ,

കെ. പി. സാംകുട്ടി

# സ്കൂൾ തല പരിശീലനം



# സന്ദേശം

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ 'ലിറ്റിൽ കൈറ്റ്സ് ' എന്ന കുട്ടികളുടെ ഐ. ടി കൂട്ടായ്മ ഹൈടെക്ക് പദ്ധതിയിലൂടെ ഗുണപരമായും സർഗ്ഗാത്മകമായും പുതുതലമുറയെ പരിപോഷിപ്പിച്ച് മുൻനിരയിലെത്തിക്കുവാൻ സാധിക്കുന്നു. ഞങ്ങളുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 'ദർപ്പണം' എന്ന ഡിജിറ്റൽ മാഗസിൻ രൂപകൽപ്പന ചെയ്യുന്നതും പ്രസിദ്ധീകരിക്കുന്നതും സ്കൂളിൽ ലഭ്യമായ കംപ്യൂട്ടർ സംവിധാനങ്ങളിലൂടെയാണ്. കംപ്യൂട്ടർ രംഗത്ത് കൂടുതൽ വൈദഗ്ധ്യം നേടുവാൻ ഭാവിയിൽ പ്രയോജനകരമാക്കുവാനും ഇടയാകട്ടെ എന്നാശംസിക്കുന്നു....

ദീപ മേരി ജേക്കബ്



എസ്. ഐ. ടി സി

# സമർപ്പണം

## വൈക്കംമുഹമ്മദ് ബഷീർ.

മലയാളത്തിലെ പ്രശസ്ത എഴുത്തുകാരൻ.കോട്ടയം ജില്ലയിലെ തലയോലപറമ്പ് എന്ന സ്ഥലത്ത് ജനനം. ബേപ്പൂർ സുൽത്താൻ എന്ന് അറിയപ്പെടുന്നു. എഴുത്തുകാരൻ,സ്വാതന്ത്ര്യസമരസേനാനി എന്നീ നിലകളിൽ പ്രശസ്തൻ.പത്മശ്രീ, മുട്ടത്തുവർക്കി അവാർഡ്,വള്ളത്തോൾ അവാർഡ്എന്നിവ ലഭിച്ചിട്ടുണ്ട്.മരണം 1994 ജൂലൈ 5.

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# സ്കൂൾ തല ക്യാമ്പ്
# ഉദ്ഘാടനം



# പ്രകൃതി

ഈ പ്രകൃതി കാണുമ്പോൾ നമ്മൾ മറ്റെല്ലാം മറന്നു പോകുന്നു . ഈ ലോകത്തിന്റെ വിളക്കാണ് പ്രകൃതി.നമ്മുടെ വീടിന്റെ വിളക്ക് അമ്മയാണ് അതുപോലെയാണ് പ്രകൃതി. പൂന്തേൻ നുകരുവാൻ വരുന്ന വണ്ടുകളും പക്ഷിക്കളും കള കള ശബ്ദത്തിൽ ഒഴുകുന്ന അരുവികളും തോട്ടുകളും പൂക്കളും  കാണുമ്പോൾ നമ്മൾ സന്തോഷത്താൽ തുള്ളിചാടുന്നു . ഇതൊല്ലാമുള്ള പ്രകൃതിയെ നമ്മൾ ഒരിക്കലും നശിപ്പിക്കരുത്...

by:*ജിൻസു സുനു*

*9B*




Room No 1 (9B)



# വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ

ജീവിതം പുരോഗമിക്കുന്നതിന് അവസരോചിതമായ രീതിയിൽ സഹായകമാകുന്നത് വിദ്യാഭ്യാസമാണ്.വ്യക്തിത്വ വികസനത്തിൽ വിദ്യാഭ്യാസം നിർണ്ണായകമായ സ്വധീനം ചെലുത്തുന്നു. സമഗ്രമായ വികസനമാണ് വിദ്യാസഭ്യാസം അടിവരയിട്ടു വ്യക്തമാക്കുന്നത്. വ്യക്തിത്വ വികാസമാണ് വിദ്യാഭ്യാസത്തിൻെറ പ്രധാന ലക്ഷ്യം . വിദ്യാർത്ഥികളിലെ കഴിവും സാധ്യതകളും മനസ്സിലാക്കി അവയെ പരമാവധി വികസിപ്പിക്കുന്നതായിരിക്കണം വിദ്യാഭ്യാസം. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം അതിന് സഹായിക്കുന്നതാണ്. ജീവിതത്തിൻെറ ഉയർച്ച താഴ്ചകളെ രക്ഷ്യപൂർവ്വം സ്വീകരിക്കാൻ വിദ്യാഭ്യാസത്തിലൂടെ ഒരു വ്യക്തിക്ക് സാധിക്കും.

വ്യക്തികൾ, കുടുംബം, സമൂഹം എന്നിവ ഒരേ കോർക്കാവുന്ന മുത്തുകളാണ്. അനുഭവത്തിൽ നിന്ന്, മാതാപിതാക്കളിൽ നിന്ന് ,കൂട്ടുകാരിൽ നിന്ന്, അദ്ധ്യാപകരിൽ നിന്ന് നേടുന്ന അറിവുകൾ അവയിലൂടെ സമൂഹത്തിൽ താനായിരിക്കണം എന്ന സ്വയം തിരിച്ചറിവാണ് വിദ്യാഭ്യാസത്തിലൂടെ ഒരു വ്യക്തി നേടുന്നത്. മനുഷ്യ പുരോഗതിയുടെ അടിസ്ഥാനം അറിവാണെങ്കിൽ അവ കൈവരിക്കുന്നതിന് വിദ്യാഭ്യാസത്തിലൂടെ ഒരു വ്യക്തി നേടുന്നത്. മനുഷ്യ പുരോഗതിയുടെ അടിസ്ഥാനം അറിവാണെങ്കിൽ അവ

കൈവരിക്കുന്നതിന് വിദ്യാഭ്യാസം ഒരു പ്രധാന പങ്കുവഹിക്കുന്നു. ജീവിത രീതിയിൽ വരുന്ന സംസ്കാരം , വേഷവിധാനം , പെരുമാറ്റം ഇവയിലെല്ലാം വിദ്യാഭ്യാസത്തിൻെറ സ്വാധിനം വളരെ വലുതാണ്. നല്ല സംസ്കാരമുള്ള വിദ്യാർത്ഥികളായി വളർന്ന് വരാൻ വിദ്യാഭ്യാസം സഹായിക്കുന്നു.  മനുഷ്യ പുരോഗതിയുടെ മുഴുവൻ അടിസ്ഥാനം അറിവാണെന്നും ചിന്തയുടെ തോതിനുസരിച്ചാണ് മനുഷത്വം നിർണ്ണയിക്കപ്പെടുന്നതെന്നും അതിനാൽ വിജ്ഞാന സമ്പാദ്യമാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യമെന്ന് ബേക്കൺ അഭിപ്രായപ്പെട്ടത് ചിന്തനീയമാണ്. അതിനാൽ നല്ലൊരു തലമുറയെ വാർത്തെടുക്കുന്നതായിരിക്കണം  വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം.

**ജയ്സൽ. ജെ. ജോസഫ്**
**9A**



# മഴ

കാർമേഘങ്ങൾ പൊഴിക്കുന്ന മുത്ത്
വൈഢൂര്യത്തെ പോലെ ചിരിക്കുന്നു
തുള്ളിത്തുള്ളിയായി ഭൂമിയിലേക്ക് പതിച്ച മുത്ത്

തുലാവർഷത്തിന്റെ വരവിനായി
കാത്തിരിക്കുന്ന മുത്ത്.
ഭൂമിയിലെ പച്ചപ്പിന് ഊർജം നൽകുന്ന മുത്ത്.

എന്റെ മനസ്സിന് കുളിരേകുന്നു
നീ കരയുമ്പോൾ ഭൂമി ചിരിക്കുന്നിതാ
നിന്റെ മിഴിയിലെ കണ്ണുനീർ കൊണ്ട്
ഒരായിരം ജീവനെ സന്തോഷിപ്പിക്കുന്നു
എന്നും എൻ മനസ്സിന്റെ
കുളിരായി മാറി
അതാണീ മുത്തുപോല്ലുള്ള
എൻ കിനാമഴ
മഴയേ നിന്നെ തടുക്കുവാൻ
ആരും ഈ ഭൂമിയിലില്ലലോ
ആശ്ചര്യം തോന്നുന്നിതാ എനിക്ക്
നിന്റെ കുളിരിൽ
എൻ പൊൻമഴയാണ്



# എനിക്കിഷ്ടം എന്നുമെന്നും

അശ്വിൻ .എസ്
9C

# ജീവിതം

ആയിൽ തുടങ്ങുന്ന ഭാഷ
എൻ അമ്മയിൽ പുണരുന്ന വാത്സല്യം
താങ്ങായി തണലായിനിന്ന അച്ഛൻ
ആദ്യാക്ഷരങ്ങൾ പഠിപ്പിച്ചുതന്ന അധ്യാപകൻ
സന്തോഷവും ദുഖവും പങ്കുവച്ച സൗഹൃദം
സ്നേഹവും ദുഖവും സ്വപ്നങ്ങളും
നല്ല പ്റതീക്ഷകളുംതന്ന ജീവിതം
ഒടുവിൽ ആർക്കും വേണ്ടാത്ത വാർദ്ധക്യം
പിന്നീടു ആരോടും യാത്റ പറയാതെ
ഒതുങ്ങിതീർന്ന മരണം
അങ്ങനെ നമ്മുടെ ജീവിതം
ഒരോർമ്മക്കുട്ടായി നിൽക്കുന്നു.

ഗംഗ ദിവാകരൻ 9A





# യാനെബി......

ഒളിചന്ദ്ര പൂപോലെ വന്നതല്ലേ
ഒരുവന്റെ ദൂദർ പിറന്നതല്ലേ
മക്കത്തേ മുഖ്യ ഖുറൈഷി വീട്ടിൽ
മഹ്മൂദർ ത്വാഹ ജനിച്ചതല്ലേ
(ഒളിചന്ദ്ര)

യാനെബി സലാം യാ റസൂൽ സലാം
ഹാത്തിബുന്നെബിയ്യുവരിൽ ആയിരം സലാം
(2)
(ഒളിചന്ദ്ര)

ഒളിതിളങ്ങിയ മണിവിളക്കത് മതിയിലുമഴകേ
തെളിപകർന്നിടും മഹിയിലകില മധുനിധകനിയേ
(2)

ത്വഹാ നെബിയോ മലർ താജാനിധിയേ
താഴ പ്രഭയേ തളിർ പൂവിൻ അഴകേ
(2)
(ഒളിചന്ദ്ര)
(യാനെബി സലാം)

സുകൃത സാരിണി സുവധലരണി

സുലഭ മലർ മണീ

തെളിച്ചിട്ടും മതിലയിച്ചിട്ടും കതിരൊളി വരാം നെബി

ഖൈറുൽ ബഷറേ നെബി ഹാത്തിം നിധിയേ

ഹല്ലക്കുടയോൻ പ്രിയമേറും മതിയേ

(2)

(ഒളിചന്ദ്ര)

(യാനെബി സലാം)

ഹിഫ .എം.റഹ്മാൻ

9A





# മില്ലോ വയാഡക് ട്

"മേഘങ്ങൾക്കിടയിലൂടെ ഒരു പാലം". മില്ലോ വയാഡക് ട്
എന്ന പാലത്തിനെ ചിലയാളുകൾ അങ്ങനെയാണ്
വിളിക്കുന്നത്.
തറനിരപ്പിൽ നിന്ന് ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന
ഈ
പാലം ഗിന്നസ് ബുക്ക് ഒഫ് വേൾഡ് റെക്കോഡ് സിൽ
ഇടം നേടിയിട്ടുള്ള ഒന്നാണ് . ലെ വയാഡക് ട് ദെ
മില്ലോ എന്നാണ്
ഔദ്യഗിക നാമം.




തെക്കൻ ഫ്രാൻസിലെ മില്ലോ
എന്ന സ്ഥലത്താണ് ഈ പാലം
സ്ഥാപിച്ചിരിക്കുന്നത്.2004
ഡിസംബർ 14 നാണ് ഈ
പാലം പൊതുജനങ്ങൾക്ക്
തുറന്നുകൊടുത്തത്. ഈഫൽ
ഗോപുരം
നിർമിച്ച ഈഫേജ് ഗ്രൂപ്പിനായിരുന്നു നിർമാണച്ചുമതല.
2001
ഒക്ടോബർ 10 നാണ് പാലത്തിൻെ്റ പണി ആരംഭിച്ചത്.

പാലത്തിന് 120 വർഷത്തിൻെ്റ ആയുസാണ്
നിർമാതാക്കൾ
അവകാശപ്പെട്ടിട്ടുളളത്.
ഉരുക്കുകൊണ്ട് നിർമിച്ച ഒരു കേബിൾ സ് റ്റെയ് ഡ്
പാലമാണിത്.പാലത്തിന് എട്ട് സ് പാനുകളാണുളളത്.
എട്ട്
സ് പാൻ ഏഴ് കോൺക്രീറ്റ് ഊന്നുതൂണുകളിലായി
ക്രമീകരിച്ചിരിക്കുന്നു. ആകെ 290,000 മെട്രിക് ടൺ
ഭാരമുള്ള ഈ കൂറ്റൻ പാലത്തിൻെ്റ റോഡ് ഭാഗത്തിനു
മാത്രം 36,000
മെട്രിക് ടൺ ഭാരമുണ്ട്.പാലത്തിലൂടെ കടന്നുപോകുന്ന
റോഡിന് 2,460 മീറ്റർ നീളവും 32 മീറ്റർ വീതിയുമുണ്ട്.
ഇത് ഫ്രാൻസിലെ ഒരു അത്ഭുതക്കാഴ് ചയാണ് ഈഫൽ
ഗോപുരത്തിൻേ്റതിനെക്കാൾ കൂടിയ ഉയരമാണ്.

**അനീറ്റ ആൻ ബിജു 9B**





# മലയാളം

ഭാഷ എന്നത് മഹത്തായ ഒരു സംസക്കാരമാണ്. കേരളത്തിൻെറ തനിമ കാക്കുന്ന ഭാഷയാണ് മലയാളം. ശ്രേഷ്ഠഭാഷ എന്ന പദവിയും മലയാള ഭാഷയ്ക്ക് ലഭിച്ചിട്ടുണ്ട്. ദ്രാവിഡ ഭാഷയാണ് മലയാളം.കേരളീയരുടെ അഭിമാനമാണ്. മലയാളഭാഷയെക്കുറിച്ച് ആദ്യമായി പഠനം നടത്തിയത് പാശ്ചാത്യ ഭാഷാചരിത്രകാരനായ കാർഡ്വൽ ആണ് മലയാള ഭാഷയിൽ രചിച്ച ആദികാവം, ചീരാമകവി രചിച്ച രാമചരിതമാണ് . ഇങ്ങനെ പ്രസിദ്ധി ആർജിച്ച വിവിത കാവ്യ രചനകൾ മലയാളത്തിൻെ മഹത്വത്തെ ഉയർത്തികാട്ടുന്നു. ആധുനിക മലയാള ഭാഷയുടെ പിതാവ് എന്ന് അറിയപ്പെടുന്നത് ഭാഷാ കവിയായ തുഞ്ചത്തുരാമാനുജൻ എഴുത്തച്ഛനാണ് . 1942–ൽ പി.ൻ.പണിക്കരുടെ നേതൃത്വത്തിൽ തുടങ്ങിയ ഗ്രന്ഥശാലകളും മലയാളഭാഷയുടെ വളർച്ചയ്ക്ക് ഏറെ പങ്ക് വഹിച്ചിട്ടുണ്ട് ഒരു ജനതയുടെ ദീർഘകാലാഭിലാഷത്തിൻെറ പൂർത്തികരണമായിരുന്നു ഐക്യകേരളപ്പിറവി . എന്നാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മലയാത്തിൻെറ അസ്ഥത്വത്തിന് കോട്ടംസംഭവിച്ചുകൊണ്ടരിക്കുന്നു. മലയാള ഭാഷയിന്ന് ഇംഗീഷ് ഭാഷയുടെ കടന്നു കയറ്റത്തിൽ വിലപ്പിക്കുകയാണ് മാറിവെരുന്ന സമൂഹിക വ്യവസ്ഥിതിയിൽ ഇംഗീഷ് ഭാഷ അനിവാര്യമാണ്. എങ്കിലുമത് മാതൃഭാഷയെ അവഗണിച്ചുകൊണ്ടാവരുത് . മലയാള ഭാഷയെ സ്നേഹിക്കുവാനും അതിന് അർഹമായ

## സ്ഥാനവും മാനവും നൽകുവാനും നമ്മൾ ബാദ്ധ്യസ്ഥരാണ് . അക്ഷരം എന്ന വാക്കിൻെറ അർത്ഥം തന്നെ നാശമിലാത്തത് എന്നാണ് അതുപോലെ മലയാള ഭാഷയ്ക്ക് ഒരു കോട്ടവും തട്ടാതെ എന്നും നിലനിൽക്കും

**ഷോൺ .മറിയം. വിൽസൺ**
**9B**



# കാലം

“”””“വർത്തമാനകാലത്തിൽ നിങ്ങൾ ഭൂതകാലത്തെ ഓർത്ത് ദു:ഖിക്കുകയാണെങ്കിൽ തീർച്ചയായും നിങ്ങൾക്ക് ഭാവികാലത്തിൽ ഭൂതകാലത്തെ ഓർത്ത് ദു:ഖിക്കേണ്ടിവരും, കാരണം നിങ്ങളുടെ വർത്തമാനകാലമാണ് പിന്നീട് ഭൂതകാലമായി മാറുന്നത്”””””

...........................................................................................................

ലോകത്തിലെ ഓരോ മനുഷ്യനും സ്വന്തമായുള്ളതും മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്തതുമായ ഒന്നേയുള്ളു, അതാണ് ജീവിതം. നമ്മുടെ ജീവിതം മൂന്നായി തരം തിരിക്കപ്പെട്ടിരിക്കുന്നു. “ഭൂതം,വർത്തമാനം,ഭാവി” . ശാരീരികമായി നമ്മൾ എല്ലാവരും വർത്തമാനകാലത്തിലാണ് ജീവിക്കുന്നത് എങ്കിലും മാനസികമായി നാം ഭൂതകാലത്തിലെ ഓർമ്മകളിലും ഭാവികാലത്തിലെ സ്വപ്നങ്ങളിലുമാണ് ജീവിക്കുന്നത്.

വിശ്വാസികളും അവിശ്വാസികളും ഭാവിയെ വിശ്വസിച്ച് മാത്രമാണ് ജീവിക്കുന്നത്. പക്ഷേ നാം നമ്മുടെ ഭൂതകാലത്തേയും ഭാവികാലാത്തേയും മറന്ന് വർത്തമാനകാലത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. നിങ്ങളുടെ ഭൂതവും ഭാവിയും നിർണ്ണയിക്കുന്നത് നിങ്ങളുടെ വർത്തമാനകാലമാണ്.

ജീവിതം ഒരു പുസ്തകം പോലെയാണ്. അതിന്റെ ഓരോ ഏടുകളും ഓരോ അനുഭവങ്ങളാണ്. അനുഭവങ്ങൾ പരീക്ഷണങ്ങളാണ്. അതിൽ വിജയപരാജയങ്ങൾ ഉണ്ടാകും . വിജയങ്ങളെക്കാൾ കൂടുതൽ പരാജയങ്ങൾ

ആവാം. പക്ഷെ വിജയത്തിന്റെ ലിപികൾ എഴുതി ചേർക്കാനുള്ള ഊർജ്ജം പരാജയങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. പരാജയത്തിൽ ആഴകടലോളം മുങ്ങിപ്പോകാതെയും വിജയത്തിൽ ആകാശത്തോളം ഉയർന്നു പൊങ്ങാതെയും ഭൂമിയിൽ തന്നെ നിലകൊള്ളുക.

നമ്മൾ എല്ലാവരും നമ്മുടെ ജീവിതം കൊണ്ട് മത്സരിച്ച് ഓടുകയാണ് . ഒന്നാമത് എത്താനായി നമ്മൾ മറ്റുള്ളവരുടെ ജീവിതം തകർക്കാൻ പോലെ മടിക്കുന്നില്ല. പക്ഷേ ആദ്യമെത്തിയാലും അവസാനമെത്തിയാലും നമ്മൾ എല്ലാവരും ഒരിടത്തേക്ക് തന്നെയാണ് എത്തുന്നത്, മരണത്തിലേക്ക്. അതേ,നമ്മൾ എല്ലാവരും മത്സരിച്ച് ഓടി എത്തുന്നത് മരണത്തിലെക്കാണ്. പക്ഷേ മരണം ജീവിതാവസാനം അല്ല, മരണത്തിന് ശേഷവും ആരുടെയെങ്കിലും മനസ്സുകളിൽ നമ്മൾ മരിക്കാതെ ജീവിക്കുകയാണെങ്കിൽ അത് നമ്മുടെ ജീവിതവിജയമാണ്.........................................................................................

By:

**വൈഷ്ണവി.സി.ആർ 9 B**





# ഗ്രന്ഥങ്ങൾ - ഉറ്റ സുഹൃത്തുക്കൾ

മനുഷ്യന്റെ വളർച്ചയിലെ ഒരു പ്രധാന ഘട്ടമായിരുന്നു എഴുത്തും വായനയും അഭ്യസിക്കൽ. അങ്ങനെ നേടിയ വിജ്ഞാനത്തിന്റെയും അതു സൃഷ്ടിച്ച വികസനത്തിന്റെയും കഥ പറയുന്നവയാണ് പുസ്തകങ്ങൾ. അവ ചിന്തയുടെ നിറകുടങ്ങളാണ്. അതുകൊണ്ടാണ് മിൽട്ടൺ– 'മനുഷ്യനെ വധിക്കുന്ന ആൾ ചിന്തിക്കുന്ന ഒരു ജീവിയെ വധിക്കുമ്പോൾ, നല്ലൊരു പുസ്തകത്തെ നശിപ്പിക്കുന്നയാൾ ചിന്തയെത്തന്നെ നശിപ്പിക്കുന്നു' എന്നെഴുതിയത്.

ഗ്രന്ഥപാരായണം വിദ്യാർത്ഥികൾ നിർബന്ധമായും ശീലിക്കേണ്ട ഒരു സ്വഭാവമാണ്. ചെറുപ്പത്തിൽത്തന്നെ വായനാശീലം വളർത്തിയെടുക്കണം. ഇതിന് ഏറ്റവും ഉചിതമായ സമയം വിദ്യാഭ്യാസകാലമാണ്. വിദ്യാഭ്യാസ കാലത്തെ ഗ്രന്ഥപാരായണം എന്നതിന് കേവലം പാഠപുസ്തകങ്ങളുടെ പഠനം എന്ന അർത്ഥം മാത്രമല്ല ഉളളത്. പാഠപുസ്തകത്തിൽ നിന്ന് നമുക്ക് പലതിനെപ്പറ്റിയുമുള്ള പ്രാഥമികമായ അറിവേ ലഭിക്കുകയുള്ളൂ. കൂടുതൽ അറിയുന്നതിന് നാം കൂടുതൽ ഗ്രന്ഥങ്ങൾ വായിക്കുകതന്നെ വേണം

ഗ്രന്ഥപാരായണം നടത്തുമ്പോൾ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. വിദ്യാഭ്യാസ കാലത്തെ ഗ്രന്ഥപാരായണം പഠനത്തെ പരിപോഷിപ്പിക്കുന്ന

തരത്തിലുള്ളതായിരിക്കണം.ശാസ്ത്രീയ കഥകളും ചരിത്രകഥകളുമെല്ലാം ഇതിനുദാഹരണമാണ്. പഠനത്തിൽനിന്ന് ചിന്ത തിരിക്കുന്ന തരത്തിലുള്ള ഗ്രന്ഥങ്ങൾ വായിക്കുന്നത് ഗുണത്തേക്കാളേറെ ദോഷമായിരിക്കും ചെയ്യുക. അതുകൊണ്ട് പുസ്തകം തെരഞ്ഞെടുക്കുന്നത് വളരെ ശ്രദ്ധയോടുകൂടി വേണം.

വായന ഒരു ചടങ്ങുതീർക്കൽ മാത്രമായിപ്പോകുവാൻ പാടില്ല. എത്ര പുസ്തകം വായിച്ചു എന്നതിലല്ല, വായിച്ച പുസ്തകങ്ങളിൽ നിന്ന് എന്തുനേടി എന്നതിലാണ് നാം മൂല്യം കണ്ടെത്തേണ്ടത്. വായിച്ചു തീർക്കുകയല്ല, വായിച്ചു പഠിക്കുകയാണ് വേണ്ടത്. പുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്ന ഓരോ ആശയവും നാം വളരെ സൂക്ഷ്മതയോടെ ഉൾക്കൊള്ളണം. അതിൽ നമുക്ക് സ്വീകരിക്കാവുന്നവ  മാത്രമേ സ്വീകരിക്കാവൂ. ഏതാണ് നല്ലത് എന്ന് വിവേചിച്ചറിയാൻ നാം ശീലിക്കണം. അല്ലാതെ, പുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്നതെന്തും ഉൾക്കൊള്ളുന്നത് ശരിയല്ല.

വിദ്യാർത്ഥികൾ വളരെ ശ്രദ്ധാപൂർവ്വം വായിക്കേണ്ട കൃതികളാണ് ജീവചരിത്രങ്ങൾ. മഹാൻമാർആ സ്ഥാനത്തേയ്ക്കുയർന്നത് എങ്ങനെയാണെന്ന് അതിലൂടെ മനസിലാക്കാൻ നമുക്ക് കഴിയും. ജീവിതത്തിൽ ഓരോ അനുഭവങ്ങൾ ഉണ്ടാകുമ്പോൾ എങ്ങനെ നേരിടേണമെന്നും അതു പഠിപ്പിക്കും. അവയിൽ നിന്നും ഏതെങ്കിലും ഒരു മാർഗം തെരഞ്ഞെടുത്ത് അത് പ്രാവർത്തികമാക്കിയാൽ ഭാവി ഭാസുരമാക്കുവാൻ കഴിയും. ബുദ്ധിപരമായ വികാസത്തിനെന്നപോലെ, മാനസികമായ വികാസത്തിനും ഗ്രന്ഥപാരായണം

സഹായിക്കുമെന്നതിനാൽ അതിന് സഹായകമായ ഗ്രന്ഥങ്ങളും വായിക്കേണ്ടതാണ്.

അപരിഷ്കൃത ജനതകളൊഴികെ അറിയപ്പെട്ട മറ്റെല്ലാരാഷ്ട്രങ്ങളെയും ഭരിക്കുന്നത് ഗ്രന്ഥമാണ്" എന്ന വോൾട്ടയറുടെ വാക്യം ഗ്രന്ഥങ്ങൾ മനുഷ്യരിൽ ചെലുത്തുന്ന സ്വാധീനം വ്യക്തമാക്കുന്നു. ഗ്രന്ഥങ്ങളുമായുള്ള സംസർഗം ഒരുവനെ വളരെയധികം സ്വാധീനിക്കുന്നതുകൊണ്ട് അവ സുഹൃത്തുക്കളെപ്പോലെയാണെന്ന് പറയാം.

ഒരു സുഹൃത്തുമായുള്ള സമ്പർക്കം നമ്മുടെ സ്വഭാവത്തിൽ സാരമായ മാറ്റം ഉണ്ടാക്കും.'മുല്ലപ്പൂമ്പൊടിയേറ്റുക്കിടക്കുന്ന കല്ലിനും സൗരഭ്യം ഉണ്ടാകും' എന്നു പറയുന്നതുപോലെയാണത്. ഗ്രന്ഥങ്ങളും ഇതുപോലെയാണ്. പുസ്തകങ്ങൾ നമ്മെ ഏതു കാലത്തും സഹായിക്കുന്നവയാണ്. അവയെ നാം സ്നേഹിച്ചാൽ എക്കാലവും അവ നമ്മെ സ്നേഹിക്കും. ഡോക്ടർ ജോൺസൺ പറഞ്ഞിട്ടുള്ളതുപോലെ 'പുസ്തകം വെറും ഒരു സുഹൃത്തല്ല, ഒരുത്തമസുഹൃത്താണ്.'



************************************

അലീന എൽസ റെജി

**ക്ലാസ് 9B**





# ഉണർവിൻെറ വഴികൾ

എൻെറ ജീവിതകഥ പറയാൻ
ചെറിയ ഒരു പിടി വരികൾ ഉണ്ട്.
എൻ മനസ്സിൻെറ സന്തോഷത്തിൻെറ
ഓർമ്മയാണ്
എൻ ജീവിതം.
എൻ സുഹൃത്തുക്കൾ മാതാപിതാക്കൾ
ആണെൻെറ
മനസ്സിൻെറ സന്തോഷം.

ജോഷ്നാ ബിജു
9B



# എൻെറ പ്രകൃതി

എൻെറ പകൃതി രമണിയമാണി. പകൃതി നമ്മെയും നാം അവരെയും സേനഹിക്കണം. പകൃതി യേത് ചെയത് ക്രൂരതകൾ നാം ഒരു വെള്ളം പോക്കത്തിലൂടെ കണ്ടു അവ തിരിച്ചു തന്നു . നാം പകൃതിയെ സംരക്ഷിക്കണം മെന്ന് നമ്മളൊട പറഞ്ഞുകൊണ്ട നിറുത്തുന്നു.

# ആദിത്യ സജിവ്

9B



# പരിസ്ഥിതി സംരക്ഷണം

വ്യവസായ വീകസനം അന്തരീക്ഷത്തിലും
സമുദ്രത്തിലും
കരയിലും മാലിന്യത്തിന്റെ തോത്
വർദ്ധിപ്പിക്കുന്നു.
ഇതി ഫലമായി പ്രകൃതിയിലും
കാലാവസ്ഥയിലും
സാരമായ മാറ്റങ്ങൾ സംഭവിക്കുന്നു.

ആണവായുധങ്ങളുടെ ആവിർഭാവം
ആണവമലിനീകരണത്തി
ന് കാരണമാക്കുന്നു. മാനവമുദായത്തിന്റ
നിലനിൽപിന്നുതന്നെ
ഭീഷണിയായി ആണവ അവശേഷം
ഉയർന്നിരിക്കുകയാണ്
ഭ്രുമി കുഴിച്ചുലഭിക്കുന്ന
ഇന്ധനങ്ങളിൽനിന്നാണ പ്രധാനമായും
അന്തരീക്ഷമലിനീകരണം സംഭവിക്കുന്നു.
വ്യവസായശാലകളിൽ

നിന്നു തിരിയുന്ന വിഷവാതകങ്ങളും
ജൈവമണ്ഡലത്തെ
മലിനപ്പെടുത്തുന്നു.
മാനവരാശിയുടെ ഉൻമൂലനാശം
സംഭവിക്കാതിരിക്കണമെൽ
പരിസ്ഥിതി സംരക്ഷണത്തിൽ
അടിന്തിരമായി
ശ്രദ്ധവെയ്ക്കേണ്ടിയിരിക്കുന്നു വനഭൂമി
വെട്ടിനശിപ്പിക്കുന്നതുവഴി
മനുഷൻ സ്വന്തം ശവക്കുഴി തോണ്ടു
കയുമാണ്. മരങ്ങൾ
മനുഷന്റെ ഉറ്റമിത്രങ്ങളാണെന്ന് ബോധം
ഓരോ
മനുഷർക്കും വേണം കൂടുതൽ മരങ്ങൾ
വച്ചുപിടിപ്പിച്ച്
പ്രകൃയുടെ സന്തുലിതാവസ്ഥയെ
സംരക്ഷിക്കാൻ
ഓരോ ഉത്തമ പൗരൻെറ യും
കർത്തവമാണ്.
പ്രകൃതിയുടെ സന്തുലിതാവസ്ഥ
നശിപ്പിച്ചാൽ

മനുഷ്യൻ ഇലതാകുമെന്ന് തീർച്ചയാണ്. ഇക്കാരണത്താ പരിസ്ഥിതിസംരക്ഷണം ഉറപ്പുവരുത്തേണ്ടത് അവിശ്യമാണ്.

പ്രിൻസി ജോർജ്
9B



# എന്റെ ഗാനം

# എന്റെ ധന്യത

വർണ ബന്ധുരമൊരു
സ്വപ്നാർണവത്തിൻ
കർണ പീയുഷ തരംഗ രവത്തിൽ
ഞാനലി
എന്നില രാഗ–
ഗാനമേഴിതൾ വിരിക്കട്ടെ

നിർവചനങ്ങൾക്കതീതമാ
മർഥ ഗർവ്വുണർത്തും
സാർവഭൗമ സൗഭഗ
കിരണാഞ്ജലി പരമോന്നതേ
നിന്നനന്തവിതാന വിശ്റുത
കീർത്തിയാണെന്റെ ധന്യത

by:

**ഷാരോൺ ഷിബു**
**9B**



# മിഴികളോട്

പനിനീർ ദളം പോലെ
മൃദുവായ ചുണ്ടുകൾ
നീണ്ടു വിടർന്ന
മിഴികളോട് ചോദിച്ചു;
നീയെന്തെ നിറയാത്തു.....
നീയെന്തെ തുളുമ്പാത്തു.....
എന്തേ പെയ്തൊഴിയാത്തു.....
ഒരു കടലുണ്ടല്ലോ
കരഞ്ഞു തീക്കാൻ
പെയ്തൊഴിയൂ
മനസ്സ് ശാന്തമാകട്ടെ........
മിഴികൾ മെലെ മൊഴിഞ്ഞു
ഞാൻ പെയ്തുവെന്നാൽ
നിനക്ക് വിതുമ്പാതിരിക്കാനാവില്ല
തേങ്ങിത്തേങ്ങി
തളരാതിരിക്കാനാവില്ല
അലറി കരയാതിരിക്കാനാവില്ല
എനിക്കത് കാണാൻ വയ്യ
നിൻറ്റെ പുഞ്ചിരിയാണെനൻറെ
ശാന്തത.........



ആരതി മനോജ് 9A







# വഴികാട്ടി

ആരാണെൻ വഴികാട്ടി ഇന്ന്
ആരാണെൻ വഴികാട്ടി
എന്നുടെ മുന്നിൽ നിന്ന്
മാർഗം തെളിച്ചിട്ടുമിട്ടും ഇന്ന്
ആരാണെൻ വഴികാട്ടി

ദുഖങ്ങളിൽ നിന്ന് കരകയറ്റീട്ടുവാൻ
ദുഖങ്ങളിൽ നിന്ന് കരകയറ്റീട്ടുവാൻ
ദൈവമായി നിൽക്കുന്നത്
അച്ഛനോ അമ്മയോ

പുണ്യമായി തീരുന്നതെൻ
പ്റവൃത്തികളോ
പുണ്യമായി തീരുന്നതെൻ
പ്രവൃത്തികളോ
സ്നേഹമായി തീരുന്നതെൻ
സുഹൃത്തുക്കളോ
അറിവിൻ നിറകുടമായ ഗുരുക്കളേ
എന്നെ നീ നിന്നുടെ ശിഷ്യനാക്കീടുമോ
അറിവിൻ നിറകുടമായ ഗുരുക്കളേ
എന്നെ നീ നിന്നുടെ ശിഷ്യനാക്കീടുമോ

ആരാണെൻ വഴികാട്ടി ഇന്ന്
ആരാണെൻ വഴികാട്ടി
എന്നുടെ മുന്നിൽ നിന്ന്

# മാർഗം തെളിച്ചിടും ഇന്ന്
# ആരാമെൻ വഴികാട്ടി........

**അയന എൽസ പോൾ 9 A**



# മാർഗ്ഗദീപം

നിഴലായി എൻ തണലായ്
എന്നും അനുഗമിക്കും
പറയാതെ ഞാനറിയാതെ
പുണരുന്ന സ്നേഹം
ഓർക്കാൻ കൊതിക്കും
താങ്ങായ് മാറും
എൻ ജീവന്റെ ജീവനാകും സ്നേഹം

നന്മതിന്മകൾ പഠിപ്പിച്ചും
ആത്മഫലങ്ങൾ ശീലിപ്പിച്ചും
സഹജീവികളെ സ്നേഹിക്കാനും
എന്നെ നയിക്കും മാർഗ്ഗദീപം

ഞാൻ തളരുമ്പോൾ ഉണർവേകി
കരയുമ്പോൾ ഉയിരേകി
എൻ ആനന്ദം ആഘോഷമാക്കും

# ആ ദിവ്യ സ്നേഹം എനിക്കെല്ലാം

ആരും കൊതിക്കുന്ന സ്നേഹം
ഹൃദയസ്പർശമാകും സ്നേഹം
എൻ പ്റിയ മാതാപിതാക്കൾ എനിക്കേകും
സ്വർഗ്ഗതുല്യമായ സ്നേഹം
എന്നും എൻ കൂടെയുള്ള സത്യം
അതൊന്നു മാത്രമാണെൻ ജീവിതം

ലിയ മേരി സ്റ്റാൻലി



9A


Wekiz

# പൂവ്

മൊട്ടിട്ടു നിൽക്കുന്ന പൂവേ
എന്തിന് ഇത്റ സന്തോഷം
ചൊലമോ എന്തിനിത്റ സന്തോഷം
എൻെ അധരങ്ങളള് നാളെ വിടരും
എൻെ ഭംഗിയിൽ എലാം മുങ്ങിതാഴുന്നു
നീ നാളെ വിരിയുമ്പോ സന്ധ്യയാം
നേരത്തു മെലെ മെലെ കൊഴിയുന്നിതാ
ഈ ലോകഭംഗി കാണാത്ത സകടം
നിന്നിൽ ആകെ ആഴ്ന്നിറിങ്ങിലേ
നാളെ ഞാൻ സൂര്യനെ സ്വകതം
ചെയ്യെന്റെ കടമ നിറവേൽക്കും
കൊഴിയുന്ന തല്ല മുഖ്യം
ചെറു സന്തോഷമാണ് മുഖ്യം
ഇനിയും പലമൊട്ടിൽ
പലതായി വിടരിുന്ന പൂക്കളിലുണ്ട് ഞാൻ.
എന്തിനു ഞാൻ സങ്കടപ്പെടുന്നു.
ഈ ഭൂമിയിൽ ജീവിതം പൂർണമാകുമ്പോൾ
അതിരറ്റ സന്തോഷമാകുന്നു
ഈ ഭൂമിയിൽ ജീവിച്ചതിൽ.
കൊച്ചുപൂവേ എനിക്കു
ആശ്ചര്യം തോന്നുന്നു
നിൻ മൊഴിയിൽ
ഈ ജനനിയാം ഭൂമിയുടെ മക്കളാണ് നാം
ജനനം നടന്നാൽ മരണം ഉറപ്പ്
ആ ജീവിതം ഭൂമിയിൽ
തീരുന്നത് സുഖമായ കാര്യം

**Kavya.S 9C**



## എന്റെ ജീവിതം

ഉമ്മാനെ മറന്ന് നിന്നുടെ കൂടെ
വരാൻ ഞാനില്ല
നിന്നെ പിരിഞ്ഞ് ഇനിയോരു
ജീവിതം തുടരാൻ ആവില്ല
കണീരിൽ മുങ്ങി നനഞ്ഞോരു
സുന്ദര പ്രണയം ഇന്നിവിടെ
കദനങ്ങളിൽ നായികയായെന്ന്
പ്രിയതെ നീ ഇന്നില്ലിവിടെ
ഇന്നു നീ എഴ്തുന്ന പാട്ടിന്റെ
കഥയവരറിയുമ്പോൾ
ഓർമ പറയുന്ന ഹൃദയം നീറുന്നു
എന്റെ പെണ്ണിന്നും കണ്ണീരാകുന്നു
(ഉമ്മാനെ മറന്ന്)
നാളെ നിൻ കല്ല്യാണ രാവിന്റെ

പുതുമയിൽ ഉണരുമ്പോൾ

വാവെ നീ കരയല്ലെ

കൺമുന്നിൽ നോവും വാക്കുകളായ്

കൈയ്യിൽ നിറ മൈലാഞ്ചി ചോപ്പാലെ

നിന്നെകാണുമ്പാൾ

കരയും നിറമിഴിയല്ലെ കവിളോരം

ചുടുനീർ തുള്ളികളായ്

പാവം പെണ്ണിന്റെ തെങ്ങൽ

ഞാൻ ഓടുവിൽ കേൾക്കുമ്പോൾ


എല്ലാം മറക്കാനായി മരണത്തെ

ഞാനും തെടുകയായി (2)



(ഉമ്മാനെ മറന്ന്)

*ruksana s 9A*



# കലാപ്രതിഭകൾ

# മരം ചെടിയോടെ ചോദിച്ച ചോദ്യം

ശക്തമായ കാറ്റിൽ വൻമരം നിലംപതിച്ചു ചുറ്റുമുള്ള ചെറിയ ചെടികൾക്ക് ഒന്നും സംഭവിച്ചില് കിടന്നുകൊണ്ട് മരം ചെടികളോടു ചോദിച്ചു നിങ്ങൾ എങ്ങനെയാണ് കൊടുംകാറ്റിനെ അതിജീവിച്ചത് ? ചെടികൾ പറഞ്ഞു;നീ കാറ്റിനോടു മത്സരിക്കാനും എതിർത്തു തോൽപിക്കാനുമാണു ശ്രമിച്ചത് ഞങ്ങളാകട്ടെ ; ഇളംകാറ്റു വീശിയാൽ പോലും തല കുനിക്കും അതിനാൽ ഒടിഞ്ഞുവീഴുകയോ പിഴുതെറിയപ്പെടുകയോ ഇല്ല

സമരം ചെയ്തു മാത്ര സന്ധി ചെയ്തു കൂടിയാണ് അതിജീവനം സാധ്യമാകുന്നത് എതിർത്തു തോൽപിക്കുന്നതും കീഴടക്കുന്നതു മാത്രം വിജയമായി വ്യാഖാനിക്കപ്പെടുമ്പോൾ നിലനിൽപിന്റെ വേരു കൾ പോലും അഹംബോധത്തിന്റെ വലുപ്പമല്ല ആത്മജ്ഞാനത്തിന്റെ അളവാണ് സന്ദർഭങ്ങളോട് പ്രതികരിക്കാനുള്ള വിവേകം നൽകുന്നത് അഹകാലം ആഴ് ന്നിറങ്ങുന്നത് വേരുകളിലേക്കാണ് അതു പിടിച്ചുലയ്ക്കുന്നത് ശിഖരങ്ങളെ മാത്രമാകില്ല ;തായ്വേരുശ് പറിച്ചുമാറ്റും എലാ കീഴടങ്ങലും പരാജയമല്ല . ഒന്നു തോറ്റുകൊടുത്താൽ പലരുടെയും ആത്മാഭിമാനം സംരക്ഷിക്കപ്പെടുമെങ്കിൽ , പല ബന്ധങ്ങളും നിലനിൽക്കുമെങ്കിൽ,ഒരാളുടെയെങ്കിലും


കണ്ണീരുവീഴാതിരിക്കുമെങ്കിൽ തോൽവിയല്ലെ നല്ലത്? തോൽക്കാൻ ശീലിച്ചവരുടെ ശേഷ്ഠത കൊണ്ടാണ് ചിലരെങ്കിലും നേട്ടങ്ങളുടെ നെറുകയിലെത്തിയത്. ചാഞ്ഞുകൊടുക്കുന്ന എല്ലാ ചെടികളും കുറച്ചുകഴിയുമ്പോൾ നിവരും.

***ശിഖരങ്ങൾ മാനത്തു മുട്ടിയാൽ മാത്രം പോരാ;വേരുകൾ ആഴങ്ങൾ തൊടുകയും വേണം കാറ്റുകളെ അതീജിവിക്കുന്ന എല്ലാവർക്കും ആരും കാണാത്ത ചില തായ്യേരുകളുണ്ടാകും അവിടെ അനരഞ്ജ്നത്തിന്റെയും വിട്ടുവീഴ്ചയുടെയും വെള്ളവും വളവും പറ്റിപ്പിടിച്ചിരിപ്പുണ്ടാകും***

***നന്ദന മോഹൻ***
***9B***








# ദ്രൗപതി വിജയൻ

9A

# എൻ പ്രീയ കൂട്ടുകാരികൾ

എന്നും വിടർന്നു നിൽക്കും പുഷ്പം പോലെ
സൗഹൃദത്തിൻ ഗന്ധം ഉയർത്തി
എൻ മനസ്സിലൻ പടിവാതിൽക്കലേക്കു കടന്നുവന്ന
എൻ പ്റിയ കൂട്ടുകാരികൾ

ചുണ്ടിൽതുമ്പച്ചിരിയുമായി പേടമാനെന്നപോൽ
മിഴിയിൽ തിളക്കവുമായി
മുടിയിൽ ഇളംകാറ്റിൽമന്ദം മന്ദം
കവിളിണയിൽ തട്ടിത്തലോടി

വിരസമായി ഇരിക്കുമെൻ അടുക്കലേക്കു
സ്നേഹാർദ്രമായ പുഞ്ചിരി തൂകി
സ്നേഹത്തിൻ തുണയായി എൻ
അടുക്കലേക്കു വന്നെൻ
പ്രീയ കൂട്ടുകാരികൾ

ബാല്യത്തിൽ കളിത്തട്ട് മുതലേ-
ഒന്നിച്ചിരുന്ന് ഒന്നിച്ചുറങ്ങി
കൗമാരത്തിൻ പടിവാതിൻക്കലേക്ക് ഒന്നിച്ച്
കാലെടുത്ത വച്ച് മന്ദം മന്ദമിഴഞ്ഞു നീങ്ങി

സ്നേഹത്തിൽ അഗാധമായ കയത്തിൽ
മുങ്ങിത്താഴുമ്പോഴും മനസ്സിലെന്നും
വ്യണമുണ്ടാക്കും
വേർപാടിൽ ചിന്ത

കാലമാകുന്ന ചക്രത്തിൽ ഉരുളുകൾ
തേഞ്ഞ വഴിയിലൂടെ നീങ്ങുമ്പോൾ
എൻ മനസ്സിലേക്കു ഓടിയെത്തും
എൻ പ്രീയ കൂട്ടുകാരികൾ


കാതോലിക്കേറ്റ് എച്ച്. എസ്. എസ് പത്തനംതിട്ട 61

വിരഹത്തിൻ വേദന കടിച്ചമർത്തി
വേർപെട്ടുപോകുമെൻ കൂട്ടുകാരികൾക്ക്
ഒരിക്കലും മറക്കിലെന്ന വാക്ക്
കൊടുത്ത് വിട പറഞ്ഞു ഞാൻ.........

അനഘ . എസ്
9A







ആദിത്യ പ്രവീൺ 9A


1 2 3 4 5 6 7 8
9 10 11 12 13 14 15 16
17 18 19 20 21 22 23 24
25 26 27 28 29 30 31 32
33 34 35 36 37 38 39 40
41 42 43 44 45 46 47 48

# നന്ദി

## ഈ മാഗസിനു വേണ്ടി സഹകരിച്ചഎവർക്കും നന്ദി